വയനാട് ജില്ലയിലെ ക്ഷീരവികസന പരിപാടികൾ

133 (199) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-2011 ഉൾപ്പെടെയുള്ള കഴിഞ്ഞ നാലുവർഷങ്ങളിൽ ക്ഷീര വികസന മേഖലയിൽ പദ്ധതി ഇനത്തിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വർഷവും ചെലവഴിച്ച തുകയുടെ താലൂക്കുതല വിശദാംശം വ്യക്തമാക്കുമോ ;

(സി) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി കഴിഞ്ഞ നാലു വർഷങ്ങളിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ക്ഷീരവികസന രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ നാല് വർഷങ്ങളിൽ നടപ്പിലാക്കിയ ബൃഹത് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വയനാട് ഹൈടെക് ഡയറി ഫാം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ക്ഷീരവികസന വകുപ്പിനെ സംബന്ധിച്ച വിശദാംശം അനുബന്ധം I-ഉം II-ഉം ആയി ചേർത്തിരിക്കുന്നു. മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച വിശദാംശം അനുബന്ധം IV- V- ആയി ചേർത്തിരിക്കുന്നു.*

(സി) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ആരംഭിച്ചിരിക്കുന്ന ക്ഷീര കർഷക ക്ഷേമനിധി പ്രകാരം വയനാട് ജില്ലയിൽ 13162 പേർക്ക് അംഗത്വം നൽകിയിട്ടുണ്ട്. കൂടാതെ, ക്ഷീരകർഷക പെൻഷൻ 1040 പേർക്കും കുടുംബ പെൻഷൻ 34 പേർക്കും പ്രതിമാസം നൽകിവരുന്നുണ്ട്. മരണാനന്തര സഹായം 97 പേർക്ക് 1,000 രൂപ വീതവും പെൺകുട്ടികളുടെ വിവാഹ ധനസഹായമായി 1,000 രൂപ വീതം 60 പേർക്കും നൽകിയിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ 2008-09 വർഷം 31 പേർക്ക് ആകെ 46000 രൂപയും 2009-10 വർഷം 29 പേർക്ക് ആകെ 43,000 രൂപയും നൽകിയിട്ടുണ്ട്. മെഡിക്കൽ ഇൻഷ്വറൻസ് സ്കീമിലും ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷീരകർഷരുടെ അഭിവൃദ്ധിക്കും അവരുടെ ക്ഷേമം കൈവരിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദർഭാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, ഭക്ഷ്യ സുരക്ഷ പദ്ധതി, കന്നുകുട്ടി പരിപാലന പദ്ധതി, സൗജന്യ കൃത്രിമ ബീജദാനം നൽകുന്ന പദ്ധതി, കറവപ്പശുക്കൾക്ക് വിരമരുന്ന് നൽകി പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി, വന്ധ്യതാ നിവാരണ ക്യാമ്പുകൾ, അകിടുവീക്കം നിയന്ത്രിക്കുന്നതിനുള്ള പരിപാടി തുടങ്ങിയവയിലൂടെ ക്ഷീരമേഖലയുടെ ഉന്നമനത്തിനായി പദ്ധതി നടപ്പിലാക്കിവരുന്നു.

(ഡി) ക്ഷീരവികസന വകുപ്പിനെ സംബന്ധിച്ച വിശദാംശം അനുബന്ധം III ആയി ചേർത്തിരിക്കുന്നു. കഴിഞ്ഞ 4 വർഷങ്ങളിൽ മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പരിപാടികൾ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയിട്ടുണ്ട്.*

1. ജില്ലാ വെറ്ററിനറി കേന്ദ്ര വിപുലീകരണം;
2. വരദൂർ വെറ്ററിനറി ഡിസ്പെൻസറി കെട്ടിട നിർമ്മാണം.
3. കാട്ടിമൂല മൃഗാശുപത്രി കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണം.

ഇതു കൂടാതെ പൂക്കോട് കേന്ദ്രമാക്കി ഒരു വെറ്ററിനറി കോളേജ് ആരംഭിക്കുന്നതിനും, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസന നിധിയുടെ സഹായത്തോടെ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയിൻകീഴിൽ ആധുനിക അറവുശാല അനുവദിക്കുന്നതിന് 10 കോടി രൂപയ്ക്ക് ആർ.ഐ.ഡി.എഫ്-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) വയനാട് ഹൈടെക് ഡയറി ഫാം ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ക്ഷീരഗംഗാ പദ്ധതി

134 (200) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന 'ക്ഷീരഗംഗ' പദ്ധതിയിൽ ക്ഷീരകർഷകർക്ക് സബ്സിഡിയായി എത്ര ശതമാനം തുക നൽകുന്നുണ്ട് ;

(ബി) സബ്സിഡി കഴിഞ്ഞുള്ള വായ്പ തുകയ്ക്ക് പലിശ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പലിശ നിരക്ക് കർഷകർക്ക് നൽകുന്ന മറ്റ് വായ്പാ പദ്ധതികൾക്ക് ഈടാക്കുന്ന പലിശ നിരക്കിനേക്കാൾ ഉയർന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉയർന്ന പലിശ നിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly